# അൽപം വിദ്യാഭ്യാസ ചിന്തകൾ



● ടി.പി.ആയിശ അലി, റിയാദ്

നാട്ടിലെയും ഗൾഫിലെയും വിദ്യാഭ്യാസരീതികളെ വിലയിരുത്താൻ ശ്രമിക്കുകയാണ് ലേഖിക. കുട്ടികളുടെ വ്യക്തിത്വവികാസത്തിനും മാനസികവളർച്ചക്കും നല്ലത് നാട്ടിലെ ഇടപഴകിയുള്ള വിദ്യാഭ്യാസരീതിയാണെന്ന് നിരീക്ഷിക്കുന്നു.

കുടുംബസമേതം ഗൾഫിൽ ജീവിക്കുന്നവർ ദിനേന കൂടി വരികയാണ്. ജീവിതത്തിന്റെ രണ്ടറ്റംമുട്ടിക്കാൻ തന്റെ ശമ്പളം തികയുമെന്ന് ബോധ്യമുള്ളവർ ഈ വഴി തെരഞ്ഞെടുക്കുന്നത് വളരെ നല്ലതുമാണ്. ഭാര്യയെയും മക്കളെയും നാട്ടിൽ വിട്ട് ഗൾഫിൽ ഒറ്റയ്ക്ക് താമസിക്കുന്ന ഭർത്താവിന്റെയും നാഥനില്ലാതെ നാട്ടിൽ കഴിയേണ്ടി വരുന്ന ഭാര്യയുടെയും മക്കളുടെയും പ്രയാസവും സങ്കടവും ഇതുമൂലം പരിഹരിക്കാം.

പക്ഷേ, ഇവിടെ കുടുംബമായി താമസിക്കുന്ന പ്രവാസികളുടെ ഒരേയൊരു പ്രശ്നം ഇവിടുത്തെ വിദ്യാഭ്യാസരീതിയാണ്. എൽ.കെ.ജി മുതൽ ഒൻപതാം ക്ലാസ്സ് വരെ സ്പൂൺ ഫീഡിംഗ് എന്ന ഓമനപ്പേരിലറിയപ്പെടുന്ന കാണാപാഠം രീതിയാണിവിടെ മിക്ക വിദ്യാലയങ്ങളിലും. പാഠപുസ്തകത്തിലുള്ളതും ടീച്ചർ പറഞ്ഞുകൊടുക്കുന്നതും ഒന്നും മനസ്സിലായില്ലെങ്കിലും എഴുതിക്കൊടുത്തത് കാണാപ്പാഠം പഠിച്ച് പരീക്ഷാ പേപ്പർ നിറച്ചാൽ മതി. ഫുൾ മാർക്ക് കിട്ടും. ടീച്ചർമാർക്ക് പണിയുമില്ല, അമ്മമാർക്ക് പരാതിയുമില്ല. ഏതൊക്കെ വിഷയത്തിലാണ് കുട്ടി പിറകോട്ടെന്ന് കണ്ടുപിടിക്കാൻ കഴിയുന്നില്ലെങ്കിലും നോട്ടുപുസ്തകം പൂർണമായിരിക്കണമെന്നേ മാനേജ്മെന്റിന് നിർബന്ധമുള്ളൂ.

ഈ രീതി പത്താം ക്ലാസ്സിലെത്തുമ്പോൾ അൽപം മാറും. ചില ചോദ്യങ്ങൾ തിരിച്ചും മറിച്ചും ചോദിക്കും. പെട്ടെന്നുള്ള ഈ മാറ്റത്തിൽ കുട്ടികൾക്ക് അമ്പരപ്പാണ്. ഉത്തരക്കടലാസ് കിട്ടുമ്പോൾ രക്ഷിതാക്കളും പരിഭവിക്കുന്നു. ഈ വസ്തുത ആദ്യമേ മുൻകൂട്ടി കണ്ട് ഒരു തയ്യാറെടുപ്പ് രക്ഷിതാക്കൾ നടത്തണം. ഏത് വിഷയമായാലും ഓരോ പാഠവും തീരുന്നതിനനുസരിച്ച് അഭ്യാസങ്ങൾ കുഞ്ഞുങ്ങളെ ഒറ്റയ്ക്ക് എഴുതി ശീലിപ്പിക്കണം. ടീച്ചർ കൊടുത്ത നോട്ടുമായി ഇത് തട്ടിച്ചുനോക്കുകയും വേണം. ആദ്യമൊക്കെ പ്രയാസം തോന്നുമെങ്കിലും പിന്നീട് ഇത് എളുപ്പമായിരിക്കും.

ഇവിടുത്തെ സഹോദരിമാരിൽ പലരും തങ്ങളുടെ കുട്ടികൾ ചെറിയ ക്ലാസ്സുകളിൽ നിന്നുതന്നെ ഇംഗ്ലീഷ് സംസാരിക്കണമെന്നു വാശിയുള്ളവരാണ്. അതിന് രക്ഷിതാക്കൾ തെരഞ്ഞടുക്കുന്ന രീതി വീട്ടിൽ ഇംഗ്ലീഷ് ഉപയോഗിക്കുക എന്നതാണ്. അത് പലപ്പോഴും മംഗ്ലീഷും മുറി ഇംഗ്ലീഷുമായിരിക്കും. ഇതനുകരിച്ച് ആദ്യകാലങ്ങളിൽ ഇംഗ്ലീഷ് സംസാരിക്കാൻ ശ്രമിക്കുന്ന കുട്ടികൾ താൻ ഇതുവരെ പറഞ്ഞ പല വാക്കുകളും തെറ്റായിരുന്നുവെന്ന് മനസ്സിലാക്കുന്നത് ഒൻപത്, പത്ത് ക്ലാസ്സുകളിലെത്തുമ്പോഴായിരിക്കും. പതുക്കെ ഇംഗ്ലീഷിൽ നിന്നു മാറി മാതൃഭാഷയിലേക്ക് വരുന്ന കുട്ടികൾ ഇംഗ്ലീഷിലും മാതൃഭാഷയിലും പിറകിലായിരിക്കും. ഇത് പ്രകടമാവുന്നത് പലപ്പോഴും മുതിർന്ന ക്ലാസുകളിലെത്തിയാലായിരിക്കും.

പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞാൽ നമ്മുടെ മക്കൾ നാട്ടിൽ തന്നെ പഠിക്കുന്നതാണ് നല്ലത്. നാട്ടിൽ വളർന്ന മക്കൾ എല്ലാ കാര്യങ്ങളിലും ഇവരേക്കാൾ മിടുക്കന്മാരായിരിക്കും. കൂട്ടിലടച്ച കിളികളെപോലെ വളർന്ന പ്രവാസികളായ മക്കൾക്ക് ഇവരോടൊപ്പമെത്താൻ പ്രയാസമായിരിക്കും. നമുക്ക് ചുറ്റും നടക്കുന്ന ചതിക്കുഴികൾ അവർക്ക് എളുപ്പം മനസ്സിലായികൊള്ളണമെന്നില്ല. പല ചതികളിലും അധികവും ഇരകളാകുന്നത് ഇത്തരം കുട്ടികളാണ്. അതിനുള്ള പ്രധാന കാരണം പതിനാല് വർഷം അവർ ഇവിടെ പഠിക്കുന്നത് ആൺകുട്ടികളും പെൺകുട്ടികളും വെവ്വേറെയാണ്. അതിനുശേഷം പെട്ടെന്ന് ഒരുമിച്ചുള്ള പഠിത്തം ഇവർക്ക് കൗതുകമാണത്രേ.

അതിനാൽ നാം, രക്ഷിതാക്കൾ ചെറിയ ക്ലാസ്സുകളിൽ തന്നെ കുട്ടികളെ കഴിയുന്നതും പുറംലോകം കാണിച്ചുകൊടുക്കാൻ ശ്രമിക്കണം. ആഴ്ചയിൽ ഒരിക്കൽ കൂട്ടുകാരെയും കൂട്ടി പാർക്കുകളിലോ മറ്റോ ചെലവഴിക്കാൻ ശ്രദ്ധിക്കണം. പല സംഘടനകളും പലതരം പരിപാടികളും ഇവിടെ നടത്താറുണ്ട്. ധാർമികതക്ക് മുൻതൂക്കം കൊടുക്കുന്നത് ആരാണെങ്കിലും അവിടെ കുട്ടികളെ പങ്കെടുപ്പിക്കുന്ന രീതി സ്വീകരിച്ചാൽ നമ്മുടെ കുട്ടികൾ സമൂഹത്തിന് ഉപകരിക്കുന്നവരായി മാറും.